ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരുന്നു.

സി. റ്റി. സ്കാനറുകൾ

126 [5271] ശ്രീ. എ. പി. അനിൽകുമാർ:
,, ഇ. എം. അഗസ്തി:
,, എ. കെ. മണി:
,, എൻ. ഡി. അപ്പച്ചൻ:
,, തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രികളിലെ സി.റ്റി. സ്കാനറുകൾ എത്ര പ്രാവശ്യം കേടായിട്ടുണ്ട്;

(ബി) ഈ കാലയളവിൽ അവ എത്ര കാലം പ്രവർത്തിക്കുകയുണ്ടായി;

(സി) അവ പ്രവർത്തിപ്പിക്കുവാൻ എത്ര ജീവനക്കാർ വീതമുണ്ട്;

(ഡി) ഇവരുടെ അക്കാഡമിക് ക്വാളിഫിക്കേഷൻ, പ്രായോഗിക പരിചയം എന്നിവ എന്തെല്ലാമാണ്;

(ഇ) പ്രസ്തുത യന്ത്രത്തിന്റെ വിലയെന്താണ്;

(എഫ്) ഇപ്പോൾ ഈ യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നവരെ മാറ്റി അക്കാഡമിക് യോഗ്യതയും പ്രവൃത്തി പരിചയവും ഉള്ളവരെ നിയമിക്കുവാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ സി.റ്റി. സ്കാനർ കഴിഞ്ഞ വർഷം നാലു പ്രാവശ്യവും ആലപ്പുഴ മെഡിക്കൽ കോളേജിലെ സി.റ്റി. സ്കാനർ കഴിഞ്ഞ വർഷം ഒരു പ്രാവശ്യവും കേടായിട്ടുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ സി.റ്റി. സ്കാനർ രണ്ടു പ്രാവശ്യവും കേടുവന്നിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിലെ സി.റ്റി. സ്കാനർ കഴിഞ്ഞ വർഷം കേടായിട്ടില്ല.

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ സി.റ്റി. സ്കാനർ 276 ദിവസവും ആലപ്പുഴയിലെ സി.റ്റി. സ്കാനർ 336 ദിവസവും പ്രവർത്തിക്കുകയുണ്ടായി. തൃശ്ശൂർ മെഡിക്കൽ കോളേജിലെ സി.റ്റി. സ്കാനർ 353 ദിവസവും പ്രവർത്തിക്കുകയുണ്ടായി.

(സി) ആലപ്പുഴ മെഡിക്കൽ കോളേജ്:

റേഡിയോളജിസ്റ്റ്	..	1
റേഡിയോഗ്രാഫർ	..	5
സ്റ്റാഫ് നഴ്സ്	..	2
അറ്റൻഡർ	..	4

LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം മെഡിക്കൽ കോളേജ്:

റേഡിയോഗ്രാഫർ	..	6
സ്റ്റാഫ് നഴ്സ്	..	2
അറ്റൻഡർ	..	3

തൃശ്ശൂർ മെഡിക്കൽ കോളേജ്:

റേഡിയോളജിസ്റ്റ്	..	9
റേഡിയോഗ്രാഫർ	..	5

കോഴിക്കോട് മെഡിക്കൽ കോളേജ്:

റേഡിയോ ഡയഗ്നോസിസ് ഡിപ്പാർട്ടുമെന്റിലെ ജീവനക്കാർ തന്നെയാണ് സി.റ്റി. സ്കാനർ പ്രവർത്തിപ്പിക്കുന്നത്. മൂന്ന് റേഡിയോഗ്രാഫർമാരെ ദിവസ വേതനത്തിൽ നിയമിച്ചിട്ടുണ്ട്.

(ഡി)	റേഡിയോഗ്രാഫർ	..	ഡി.ആർ.റ്റി/സി.ആർ.എ.
	സ്റ്റാഫ് നഴ്സ്	..	ജനറൽ നഴ്സിംഗ് കോഴ്സ്
	അറ്റൻഡർ	..	ജനറൽ
	റേഡിയോളജിസ്റ്റ്	..	ഡി.എം.ആർ.റ്റി/എം.ഡി. റേഡിയോ ഡയഗ്നോസിസ്

(ഇ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ സി.റ്റി. സ്കാനറിന്റെ വില 1.36 കോടി രൂപ. ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിലെ സി.റ്റി. സ്കാനറിന്റെ വില 1.40 കോടി രൂപ. തൃശ്ശൂർ മെഡിക്കൽ കോളേജ്—1.1 കോടി രൂപ. കോഴിക്കോട് മെഡിക്കൽ കോളേജ് —1.65 കോടി രൂപ.

(എഫ്) നിലവിൽ ഈ യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നവർ യോഗ്യതയും പ്രവൃത്തി പരിചയവും ഉള്ളവരാണ്.

സെൻട്രൽ പർച്ചേസ് കമ്മിറ്റി യഥാസമയം യോഗം ചേരാൻ നടപടി

127 [5272] ശ്രീ. ടി. കെ. ബാലൻ:
,, കെ. പി. സതീശ്ചന്ദ്രൻ:
,, സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലേക്ക് ആവശ്യമുള്ള മരുന്നുകൾ വാങ്ങുന്നത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പർച്ചേസ് പോളിസി നിലവിലുണ്ടോ;

(ബി) എങ്കിൽ അവ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) നിലവിലുള്ള സെൻട്രൽ പർച്ചേസ് കമ്മിറ്റി യഥാസമയം കൂടുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണ്;

(ഡി) സെൻട്രൽ പർച്ചേസ് കമ്മിറ്റി യഥാസമയം യോഗം ചേരാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly